"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണപൊതുസർവീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജിനി.പി.ആർ, ശ്രീമതി. അനില സി.എസ്. ശ്രീ. നിസാമുദ്ദീൻ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2411/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. മൂവാറ്റുപുഴ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി. ജിനി.പി.ആർ. സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. കൊല്ലം നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി. അനില സി.എസ്. സമർപ്പിച്ച 10.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
4. കൊല്ലം നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ. നിസാമുദ്ദീൻ.എ സമർപ്പിച്ച 05.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.11.2023 തീയതിയിലെ LSGD/PD/53701/2023-DEC1 നമ്പർ കത്ത്.
6. 02.11.2023 തീയതിയിലെ അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജിനി.പി.ആർ, ശ്രീമതി. അനില.സി.എസ്. ശ്രീ. നിസാമുദ്ദീൻ എന്നിവർ പരാമർശം 2,3,4പ്രകാരം അപ്പീൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. മൂവാറ്റുപുഴ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി. ജിനി.പി.ആർ, സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെടാത്ത കൊച്ചി നഗരസഭയിലേക്ക് സ്ഥലം മാറ്റിയതായും കോതമംഗലം, അങ്കമാലി നഗരസഭകളിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നതായും, കൊച്ചി കോർപ്പറേഷനിലേക്ക് 3 മണിക്കൂർ യാത്ര ഉണ്ട് എന്നും ഇതുമൂലം വീട്ടുകാര്യങ്ങളും മക്കളുടെ വിദ്യാഭ്യാസകാര്യവും ശ്രദ്ധിക്കാൻ കഴിയാതെ വരുന്നുവെന്നും ആയതിനാൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി ജിനി പി ആർ 03/08/2021 തിയതിയിലാണ് മുവാറ്റുപുഴ നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത് എന്നും കോതമംഗലം, അങ്കമാലി എന്നീ നഗരസഭകളിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നതായും,

നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കാത്ത ജീവനക്കാർക്ക് മാത്രം ബാധകമായിട്ടുള്ള മേൽ തെരഞ്ഞെടുത്ത ഓപ്ഷനുകൾ ഒന്നും ലഭിച്ചില്ല എങ്കിൽ ട്രാൻസ്ഫർ പ്രോസസ്സിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സൗകര്യം അപേക്ഷക വിനിയോഗിച്ചിട്ടില്ലാത്തതാണ് എന്നും അറിയിക്കുന്നു. അപേക്ഷകയെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കൂടിയ ജീവനക്കാരെയാണ് ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിലേക്ക് അലോട്ട് ചെയ്തിട്ടുള്ളത് എന്നും അറിയിച്ചിരുന്നു. ആയതിനാൽ ആവശ്യപ്പെടാത്ത സ്റ്റേഷനുകളിൽ മാറ്റിയത് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന അപ്പീൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്നും അന്തിമ കൂലിസ്റ്റ് പ്രകാരം മാത്രമേ സ്ഥലംമാറ്റം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നു പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ശ്രീമതി. അനില സി.എസ്. സമർപ്പിച്ച അപേക്ഷ പ്രകാരം കൊല്ലം നഗരസഭയിൽ നിന്ന് അഞ്ചൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതായും അർബുദരോഗ ബാധിതയാണ് എന്നും അവധിയിലായിരുന്നതിനാൽ ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ലായെന്നും കൊല്ലം നഗരസഭയിൽ നിലനിർത്തുകയോ സൗകര്യപ്രദമായ സ്ഥലത്ത് നിയമിക്കുകയോ ചെയ്യണമെന്നും അപേക്ഷിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി അനില സി എസ് 25/07/2016 മുതൽ കൊല്ലം കോർപ്പറേഷനിൽ ജോലി ചെയ്തു വരുന്നതായും സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ലാത്തതിനാൽ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായതിനാൽ നിർബന്ധിത സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തിയാണ് അഞ്ചൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത് എന്നും അർബുദ ബാധയെ തുടർന്നുള്ള ചികിത്സയിൽ കഴിയുന്ന വ്യക്തിയായതിനാലും പൊതുസ്ഥലമാറ്റ അപേക്ഷ ക്ഷണിച്ച സമയത്ത് സ്പെഷ്യൽ കാഷ്വൽ ലീവിലായിരുന്ന സാഹചര്യം പരിഗണിച്ചും ടിയാളുടെ ഭർത്താവ് ആകസ്മികമായി മരണപ്പെട്ടതിനാലും നിയമനം ലഭ്യമായ അഞ്ചൽ ഗ്രാമപഞ്ചായത്ത് താമസ സ്ഥലത്തുനിന്നും അകലെയാണെന്നതിനാലും മാനുഷിക പരിഗണന വച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കൊല്ലം ജില്ലയിലേക്ക് നിയമനം നൽകിയിട്ടുള്ളതും ടിയാൾ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും ടി സ്റ്റേഷൻ സാകര്യപ്രദമാണെന്ന് ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതുമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

6. ശ്രീ. നിസാമുദ്ദീൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം കൊല്ലം നഗരസഭയിൽ നിന്ന് തന്നെ തെന്മല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതായും 75 വയസ്സ് പ്രായമുള്ളതും വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ ഉള്ളതുമായ മാതാവിന് ഏകമകനായ തന്റെ സംരക്ഷണം അത്യാവശ്യമായതിനാൽ കൊല്ലം നഗരസഭാ പരിധിയിൽ താമസിക്കുന്ന തന്നെ കൊല്ലം കോർപ്പറേഷനിൽ നിലനിർത്തുകയോ അടുത്തുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിയമിക്കുകയോ ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നു.

7. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.നിസാമുദ്ദീൻ 2023 പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും ടിയാൻ 23/07/2016 മുതൽ കൊല്ലം കോർപ്പറേഷനിൽ ജോലി ചെയ്തു വരുന്നതായും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായതിനാലും ഓപ്ഷൻ സമർപ്പിക്കാത്ത സാഹചര്യത്തിലുമാണ് നിർബന്ധിത സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തിയാണ് തെന്മല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുന്നു.സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി തയ്യാറാക്കിയിട്ടുള്ള കൂ ലിസ്റ്റ് പ്രകാരം മാത്രമേ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിർവാഹമുള്ളൂവെന്നും ടിയാന്റെ അപേക്ഷയിലെ ആവശ്യം

പരിഗണനാർഹമല്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

8. മേൽ അപ്പീൽ അപേക്ഷകൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 02.11.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം കമ്മിറ്റി ചുവടേ ചേർക്കും പ്രകാരം തീരുമാനമെടുത്തിരുന്നു.

i) ശ്രീമതി.ജിനി.പി.ആർ, സീനിയർ ക്ലർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാർക്ക് മാത്രം ബാധകമായിട്ടുള്ള തെരഞ്ഞെടുത്ത ഓപ്ഷനുകൾ ലഭിച്ചില്ലായെങ്കിൽ ട്രാൻസ്ഫർ പ്രോസസിൽ നിന്ന് ഒഴിവാക്കുന്നതിന് സമ്മതം അറിയിച്ചുകൊണ്ടുള്ള സമ്മതപത്രം ടിയാൾ നൽകിയിരുന്നില്ല. അപേക്ഷകയെക്കാൾ സ്റ്റേഷൻ സീനിയോരിറ്റി കൂടിയ ജീവനക്കാരെയാണ് ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ നിയമിച്ചിട്ടുള്ളത്. അപേക്ഷ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിക്കുകയുമുണ്ടായി.

ii) ശ്രീമതി.അനില.സി.എസ്, സീനിയർ ക്ലർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. അർബുദരോഗ ബാധിതയായ ടിയാളെ കൊല്ലം നഗരസഭയിൽ നിലനിർത്തുകയോ സൗകര്യപ്രദമായ സ്ഥലത്ത് നിയമിക്കുകയോ ചെയ്യണമെന്ന ആവശ്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ മാനുഷിക പരിഗണനയിൽ കൊല്ലം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ടിയാൾക്ക് നിയമനം നൽകിയിട്ടുള്ളതായും ആയത് സൗകര്യപ്രദമാണെന്ന് അപേക്ഷക അറിയിച്ചിട്ടുള്ളതായും കാണുന്നതിനാൽ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് അപ്പീൽ തീർപ്പാക്കേണ്ടതാണ്.

iii) ശ്രീ. നിസാമുദ്ദീൻ സീനിയർ ക്ലർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. 23.07.2016 മുതൽ കൊല്ലം കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന ടിയാൾ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല. നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായതിനാലും ഓപ്ഷൻ സമർപ്പിക്കാത്ത സാഹചര്യത്തിലുമാണ് നിർബന്ധിത സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തി തെന്മല ഗ്രാമപഞ്ചായത്തിൽ സ്ഥലം മാറ്റം അനുവദിച്ചത്. ആയതിനാൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിക്കുകയുമുണ്ടായി.

9.മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അപ്പീൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെയടിസ്ഥാനത്തിലും ശ്രീമതി. ജിനി.പി.ആർ,ശ്രീ. നിസാമുദ്ദീൻ .എ. എന്നിവരുടെ അപ്പീൽ അപേക്ഷകൾ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ടും, ശ്രീമതി. അനില സി.എസ്.-ന്റെ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ടും, പരാമർശം 2,3,4 അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. ജിനി.പി.ആർ, സീനിയർ ക്ലർക്ക്, മൂവാറ്റുപുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി. അനില സി.എസ്. സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. നിസാമുദ്ദീൻ .എ., സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-12-2023 15:26:02
സെക്ഷൻ ഓഫീസർ